YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാല പരീക്ഷകൾ - യു.ജി,പി.ജി കോഴ്സുകളുടെ സ്പെഷ്യൽ പരീക്ഷകളുടെ ഉത്തരക്കടലാസുകൾ ,ഫലപ്രഖ്യാപനത്തിന് മുൻപും ശേഷവും വൈകിയെത്തുന്ന ഉത്തരക്കടലാസുകൾ,ടാബുലേഷൻ സെക്ഷനിൽ നിന്നും വീണ്ടും ആവശ്യപ്പെടുന്ന ഉത്തരക്കടലാസുകൾ -എന്നിവയുടെ മൂല്യനിർണ്ണയ ജോലികൾ വിഭജിച്ചു നൽകുന്നത് സംബന്ധിച്ച് - പരീക്ഷ കൺട്രോളർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 4751/EA 2/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.09.2021

---

*പരാമർശം:-*പരീക്ഷാ കൺട്രോളറുടെ 01.09.2021-ലെ ഉത്തരവ്.

**ഉത്തരവ്**

സർവ്വകലാശാലാ പരീക്ഷകളുടെ ഉത്തരക്കടലാസുകൾ യൂണിവേഴ്സിറ്റിയുടെ അധികാരപരിധിക്കു പുറത്തുള്ള അധ്യാപകർക്കും, യൂണിവേഴ്സിറ്റി ക്യാമ്പസ്സിലെ ഡിപ്പാർട്ടുമെന്റുകളിലുള്ള അധ്യാപകർക്കും നൽകി മൂല്യനിർണ്ണയം നടത്തേണ്ടി വരുന്നുണ്ട്. പല സ്പെഷ്യൽ പരീക്ഷകളുടെയും ഉത്തരക്കടലാസുകൾ , പലകാരണങ്ങളാലും ഫലപ്രഖ്യാപനത്തിനു മുൻപും-ശേഷവും വൈകിയെത്തുന്ന ഉത്തരക്കടലാസുകൾ, ടാബുലേഷൻ സെക്ഷനിൽ നിന്നും വീണ്ടും മൂല്യനിർണ്ണയം നടത്താനാവശ്യപ്പെടുന്ന ഉത്തരക്കടലാസുകൾ എന്നിവയുടെ മൂല്യനിർണ്ണയത്തിനും ഒരു സ്ഥിരം സംവിധാനം നിലവിലില്ല.

പ്രസ്തുത വിഷയങ്ങൾ പരിഗണിച്ചു, സർവകലാശാലയുടെ അധികാര പരിധിക്കു പുറത്തു മൂല്യനിർണയം നടത്തുന്നവ /കാമ്പസിലെ ഡിപ്പാർട്ട്മെന്റുകളിൽ മൂല്യനിർണയം നടത്തുന്നവ/സ്പെഷ്യൽ പരീക്ഷകളുൾപ്പെടെ മറ്റിനം, എന്നിവയുടെ യു ജി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയത്തിനായി EN 2 സെക്ഷനെയും പി ജി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയത്തിനായി EN 3 സെക്ഷനെ ചുമതലപ്പെടുത്തിയും പരീക്ഷ കൺട്രോളർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സോണി എസ് നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

Draft #1 of File 113734/AR 5 EXAM/2021/EN 1 Approved by ASSISTANT REGISTRAR XI (EXAM) on 18-Sep-2021 12:19 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

1.വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എമാർ
3. സി.ഇ സെക്ഷൻ / സി.ബി.സി.എസ്.എസ് XXVI /XIX /IX സെക്ഷനുകൾ/ഇ എൻ സെക്ഷനുകൾ / സിസ്റ്റം അഡ്മിനിസ്ട്രേഷൻ വിഭാഗം
4. എ.ആർ /ഡി.ആർ /ജെ.ആർ (എക്സാം)
5. ഐ.ക്യു.എ.സി / കൺഡന്റ് മാനേജ്മെൻറ് സെക്ഷൻ
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 113734/AR 5 EXAM/2021/EN 1 Approved by ASSISTANT REGISTRAR XI (EXAM) on 18-Sep-2021 12:19 PM - Page 2